## പതിമൂന്നാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

2015 ജൂലൈ 9, വ്യാഴം

നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--30]**

മറുപടി നൽകുന്ന മന്ത്രിമാർ

വിദ്യാഭ്യാസ വകുപ്പുമന്ത്രി
റവന്യൂവും കയറും വകുപ്പുമന്ത്രി
ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി
പൊതുമരാമത്ത് വകുപ്പുമന്ത്രി

പാചകവാതക വിതരണത്തിലെ അസന്തുലിതാവസ്ഥ

*241. ശ്രീ.കെ.എം.ഷാജി
,, സി.മോയിൻ കുട്ടി
,, കെ.മുഹമ്മദുണ്ണി ഹാജി
,, പി.ബി. അബ്ദുൾ റസാക് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാചകവാതക വിതരണത്തിൽ നിലനില്ക്കുന്ന അസന്തുലിതാവസ്ഥയും ക്രമക്കേടുകളും മൂലം സാധാരണ ജനങ്ങൾ അനുഭവിക്കുന്ന ദുരിതം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) ഈ മേഖലയിൽ നിരന്തരമുണ്ടാകുന്ന സമരം, ഗ്യാസ് സിലണ്ടറുകളുടെ കൺവേയൻസിലും ബുക്കിംഗിലുമുള്ള പ്രശ്നങ്ങൾ, കരിഞ്ചന്ത, വിതരണ ക്രമക്കേടുകൾ, അമിതവില /കൂലി ഈടാക്കൽ തുടങ്ങിയ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ വിശദമാക്കുമോ ;

(സി) ദൈനംദിന ജീവിതത്തെ ബാധിക്കുന്ന ഈ പ്രശ്നത്തിൽ അടിയന്തിര നടപടി സ്വീകരിക്കുമോ ?

നെൽവയൽ ഡാറ്റാ ബാങ്കിലെ പോരായ്മകൾ

*242. ശ്രീ.എം.ഉമ്മർ
,, കെ.എൻ.എ.ഖാദർ
,, എൻ. ഷംസുദ്ദീൻ
,, പി.കെ.ബഷീർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ ഡാറ്റാ ബാങ്ക് തയാറാക്കുന്നതിലെ പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഡാറ്റ ശേഖരിക്കുന്നതും ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതും സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) അടിസ്ഥാന നികുതി രേഖകളിൽ ഭൂമാഫിയകൾക്കനുകൂലമായി മാറ്റങ്ങൾ വരുത്താനുള്ള നീക്കത്തിനെതിരെ നടപടി സ്വീകരിക്കുമോ?

<u>മലയാള ഭാഷ പഠിപ്പിക്കാത്ത സ്കൂളുകൾ</u>

*243. ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ

,, ഷാഫി പറമ്പിൽ

,, ലൂഡി ലൂയിസ്

,, എം.പി.വിൻസെൻറ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മലയാള ഭാഷ പഠിപ്പിക്കാത്ത സ്കൂളുകൾ നിലവിലുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം നൽകാമോ ;

(ബി) സർക്കാരിതര സിലബസ് പഠിപ്പിക്കുന്ന സ്കൂളുകളിൽ മാതൃഭാഷ നിർബന്ധമാക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) സി. ബി. എസ്. ഇ., ഐ. സി. എസ് .ഇ. സ്കൂളുകളിൽ ഒന്നാം ക്ലാസ് മുതൽ മലയാള ഭാഷ നിർബന്ധമായി പഠിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

<u>എയ്ഡഡ് കോളേജുകളിലെ നിയമനവും എസ്.സി/എസ്.ടി സംവരണവും</u>

T *244. ശ്രീ.എ.കെ.ബാലൻ

,, പി.ശ്രീരാമകൃഷ്ണൻ

,, ആർ. രാജേഷ്

,, കെ.സുരേഷ് കുറുപ്പ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് കോളേജുകളിലെ നിയമനത്തിൽ എസ്.സി/എസ്.ടി സംവരണം പാലിക്കണമെന്ന ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിക്കുമെന്ന് അറിയിക്കാമോ;

(ബി) സർക്കാർ ശമ്പളം നൽകുന്ന എയിഡഡ് കോളേജുകളിലും എയ്ഡഡ് സ്കൂളുകളിലും പട്ടികജാതിക്കാരായ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ എത്ര ശതമാനമുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) ഭൂരിപക്ഷ-ന്യൂനപക്ഷ ഭേദമെന്യെ എയ്ഡഡ് കോളേജുകളിലും എയ്ഡഡ് സ്കൂളുകളിലും അദ്ധ്യാപക-അനദ്ധ്യാപക നിയമനത്തിൽ സംവരണം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

വിദ്യാർത്ഥികളിൽ കരിയർ അവബോധം

*245. ശ്രീ.പി.ഉബൈദുള്ള

,, വി.എം.ഉമ്മർ മാസ്റ്റർ

,, എൻ .എ.നെല്ലിക്കുന്ന്

,, റ്റി.എ.അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളിൽ കരിയറിനെക്കുറിച്ച് അവബോധം വളർത്തുന്നതിനും പ്രാഥമിക പരിശീലനം നൽകുന്നതിനും ഉദ്ദേശിച്ച് ഹയർ സെക്കന്ററി തലത്തിൽ നടപ്പാക്കുന്ന പദ്ധതിയുടെ വിശദവിവരം നൽകാമോ;

(ബി) ഏതൊക്കെ മേഖലകളെയാണ് പ്രസ്തുത പദ്ധതിയിലൂടെ വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിന് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം വിശദമാക്കുമോ; എല്ലാ വിദ്യാർത്ഥികളെയും തെരഞ്ഞെടുപ്പിന്റെ പരിധിയിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കുമോ?

കേരള ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ പ്രവർത്തനം

*246. ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

,, എം.എ.ബേബി

,, എസ്.ശർമ്മ

,, എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) സർവ്വകലാശാലയിൽ എഞ്ചിനീയറിംഗ് കോളേജുകൾക്ക് അഫിലിയേഷൻ നൽകുന്ന നടപടി ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇത് എന്നത്തേക്ക് പൂർത്തിയാകുമെന്ന് അറിയിക്കാമോ ;

(സി) അഫിലിയേഷൻ പൂർത്തിയാകുമ്പോൾ എത്ര എഞ്ചിനീയറിംഗ് കോളേജുകൾ സർവ്വകലാശാലയ്ക്ക് കീഴിൽ വരുമെന്ന് വ്യക്തമാക്കാമോ ;

(ഡി) എഞ്ചിനീയറിംഗ് കോളേജുകൾക്ക് അഫിലിയേഷൻ നൽകുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഇ) നിശ്ചിതമാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിക്കുന്നതും നിലവാരം കുറഞ്ഞതുമായ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾക്ക് അഫിലിയേഷൻ നൽകാനുദ്ദേശിക്കുന്നുണ്ടോ ; ഇതു സംബന്ധിച്ച നയം വ്യക്തമാക്കാമോ ?

ഭൂസംരക്ഷണസേനയുടെ ഘടനയും പ്രവർത്തനവിപുലീകരണവും

*247. ശ്രീ.കെ.കെ.ജയചന്ദ്രൻ

,, ജെയിംസ് മാത്യു

,, എം.ചന്ദ്രൻ

,, കെ.സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂസംരക്ഷണസേനയുടെ ഘടനയും പ്രവർത്തനവും സംബന്ധിച്ച് വിശദമാക്കാമോ ;

(ബി) സംസ്ഥാനത്ത് വ്യാപകമായി നടക്കുന്ന ഭൂമി കൈയ്യേറ്റങ്ങൾ തടയുന്നതിന് ഉതകുംവിധം സേനയെ സജ്ജമാക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(സി) ഏതെല്ലാം ജില്ലകളിൽ ഭൂസംരക്ഷണ സേന പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ ;

(ഡി) സംസ്ഥാനത്തെ വൻകിട കയ്യേറ്റങ്ങൾ തടയുന്നതിനും കയ്യേറ്റ ഭൂമി തിരിച്ചു പിടിക്കുന്നതിനും ഭൂസംരക്ഷണസേനയുടെ പ്രവർത്തനം വിപുലീകരിക്കാൻ തയ്യാറാകുമോ ;

(ഇ) ഭൂസംരക്ഷണ സേനയുടെ പ്രവർത്തനഫലമായി എത്ര അളവിൽ കയ്യേറ്റ ഭൂമി തിരിച്ചു പിടിക്കാനായിട്ടുണ്ടെന്ന് വിശദമാക്കാമോ ?

<u>പൊതുവിതരണ ശൃംഖല വഴി വിപണനം നടത്തുന്ന ഉല്പന്നങ്ങളുടെ ഗുണമേന്മ</u>

*248. ശ്രീ.എസ്.രാജേന്ദ്രൻ

,, എളമരം കരീം

,, കെ.കെ.നാരായണൻ

,, കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിപണനം നടത്തുന്ന ഉല്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സംവിധാനമുണ്ടോ ; അത്തരത്തിലുള്ള പരിശോധകൾ നടത്താറുണ്ടോ ;

(ബി) കാലഹരണപ്പെട്ടതും ഗുണമേന്മയില്ലാത്തതുമായ ഉല്പന്നങ്ങൾ പൊതുവിതരണ ശൃംഖലവഴി വില്ക്കുന്നതുമായി ബന്ധപ്പെട്ട പരാതികൾ പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) ഗുണനിലവാരം കുറഞ്ഞ ഉല്പന്നങ്ങൾ വില്ക്കുന്നതായി കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ അവയുടെ വിപണനം തടയാൻ കഴിഞ്ഞിട്ടുണ്ടോ;

(ഡി) ഈയിടെ കോടതി നിരോധിച്ച മാഗി എന്ന ഉല്പന്നം സപ്ലൈകോ വഴി വിപണനം നടത്തിയിരുന്നോ ;

(ഇ) നിരോധിക്കപ്പെട്ട മറ്റേതെല്ലാം ഉല്പന്നങ്ങൾ സപ്ലൈകോ വഴി വിപണനം നടത്തുന്നുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(എഫ്) പൊതുവിതരണ ശൃംഖല വഴി വിപണനം നടത്തുന്ന ഉല്പന്നങ്ങളുടെ ഗുണമേന്മ ഉറപ്പു വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

റോഡ് വികസനം

*249. ശ്രീ.പി.ടി.എ. റഹീം

,, ജി.സുധാകരൻ

,, കെ.കുഞ്ഞിരാമൻ **(ഉദുമ)**

ശ്രീമതി.കെ.എസ്.സലീഖ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകളുടെ വികസനത്തിനായി നിക്ഷേപ സംഗമം സംഘടിപ്പിക്കുകയുണ്ടായോ ; വിശദാംശങ്ങൾ നൽകാമോ ;

(ബി) റോഡുകളുടെ നിർമ്മാണത്തിനും വികസനത്തിനും സ്വകാര്യ മേഖലയെ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) അടിസ്ഥാന മേഖലയുടെ സ്വകാര്യവത്ക്കരണം പൊതുജനത്തിന് കടുത്ത ആഘാതമാകുമെന്ന ആരോപണം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ഡി) സാമ്പത്തിക പ്രതിസന്ധിയിലായിരിക്കുന്ന ചെറുകിട കരാറുകാരെ ഒഴിവാക്കി വൻകിട നിർമ്മാണ കമ്പനികളെ റോഡുകളുടെ നിർമ്മാണപ്രവർത്തനം ഏല്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഇ) ഇത്തരത്തിൽ നിർമ്മിക്കപ്പെടുന്ന റോഡുകൾക്ക് ടോൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

പാചകവാതക സിലിണ്ടറുകളുടെ സുരക്ഷ

*250. ശ്രീ.പാലോട് രവി

,, സി.പി.മുഹമ്മദ്

,, ഐ.സി.ബാലകൃഷ്ണൻ

,, വി.പി.സജീന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാചകവാതക സിലിണ്ടറുകളുടെ സുരക്ഷ സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) പാചകവാതക സിലിണ്ടറുകൾ സുരക്ഷിതമായി കൈകാര്യം ചെയ്യുന്നതിനും അപകടങ്ങൾ ഇല്ലാതാക്കുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(സി) ഉപഭോക്താക്കൾക്ക് ടോൾ ഫ്രീ നമ്പരോ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മൊബൈൽ നമ്പരോ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) പാചകവാതകം സുഗമമായി വിതരണം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ വിശദമാക്കുമോ?

ദേശീയ നിലവാരമുള്ള റോഡുകളുടെ നിർമ്മാണം

*251. ശ്രീ.പി.എ.മാധവൻ

,, ഷാഫി പറമ്പിൽ

,, ലൂഡി ലൂയിസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ നിലവാരമുള്ള റോഡുകൾ നിർമ്മിക്കുവാൻ പദ്ധതിയുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) എന്തെല്ലാം സൗകര്യങ്ങളും ഗുണനിലവാരവുമാണ് ഇതുവഴി ലഭിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

<u>അളവുതൂക്ക ഉപകരണങ്ങളിലെ കൃത്രിമം</u>

*252. ശ്രീ.ബി.ഡി. ദേവസ്സി

,, സി.കെ സദാശിവൻ

,, കെ. ദാസൻ

,, സി.കൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അളവുതൂക്ക ഉപകരണങ്ങളിൽ കൃത്രിമം കാണിക്കുന്നത് പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്തൊക്കെയാണെന്ന് അറിയിക്കാമോ ; പ്രസ്തുത പരിശോധന കൃത്യമായി നടക്കാറുണ്ടോ ;

(ബി) പരിശോധന നടത്തുന്ന ഉദ്യോഗസ്ഥർ ഏറെയും കൃത്രിമം കാണിക്കുന്ന കച്ചവടക്കാർക്ക് അനുകൂലമായ സമീപനം സ്വീകരിക്കുകയും അതിന് കൈക്കൂലി പറ്റുകയും ചെയ്യുന്നതായ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത്തരം പ്രവൃത്തികൾ തടയുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) വാഹനങ്ങളിലെ മീറ്ററടക്കം റീസെറ്റ് ചെയ്യുന്നത് സ്വകാര്യ ഏജൻസികളാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ;

(ഡി) ത്രാസ്സുകൾ റഗുലറൈസ് ചെയ്യുന്നതും സീൽ ചെയ്യുന്നതുമെല്ലാം ഏജൻസികൾ വഴിയാണെന്ന പരാതി ഉയർന്നിട്ടുണ്ടോ ;

(ഇ) ഈ വർഷം ഇതുവരെ അളവു തൂക്കങ്ങളിൽ കൃത്രിമം കണ്ടുപിടിക്കപ്പെട്ട എത്ര കേസുകൾ ഉണ്ടെന്ന് അറിയിക്കാമോ ; ഇങ്ങനെ പിടിക്കപ്പെടുന്നവർക്കുള്ള ശിക്ഷയെന്തെന്ന് വ്യക്തമാക്കാമോ?

<u>അധ്യയനരംഗത്ത് ഗ്രേഡിംഗ് സമ്പ്രദായം</u>

*253. ശ്രീ.തോമസ് ഉണ്ണിയാടൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അധ്യയനരംഗത്ത് ഈ വർഷം മുതൽ ഗ്രേഡിംഗ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ഗ്രേഡിങ്ങിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം; പ്രസ്തുത പദ്ധതിയിലൂടെ അധ്യയനരംഗത്ത് കൈവരിക്കാൻ ഉദ്ദേശിക്കുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

<u>ഭക്ഷ്യ സുരക്ഷാ നിയമം</u>

*254. ശ്രീ.വി.ശശി

,, സി.ദിവാകരൻ

,, കെ.രാജു

ശ്രീമതി.ഇ.എസ്.ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ നിയമം എന്നു മുതൽ നടപ്പാക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിയമം നടപ്പാക്കുന്നതോടുകൂടി സബ് സിഡി നിരക്കിൽ ഭക്ഷ്യധാന്യം ലഭിക്കുന്ന എത്ര പേർ പരിധിക്ക് പുറത്താകും ; അങ്ങനെയുള്ളവർക്ക് ആനുകൂല്യം നൽകുന്ന ചുമതല സംസ്ഥാന സർക്കാർ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പ്രസ്തുത നിയമം നടപ്പാക്കുന്നതിന് മുന്നോടിയായി പുതിയ റേഷൻകാർഡ് നൽകൽ, റേഷൻ കടകളുടെ കമ്പ്യൂട്ടറൈസേഷൻ എന്നിവ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

<u>ഹരിത നിർമ്മാണ നയം</u>

*255. ശ്രീ.കെ.അച്ചുതൻ

,, ഐ.സി.ബാലകൃഷ്ണൻ

,, വർക്കല കഹാർ

,, വി.പി.സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്കായി 'ഹരിത നിർമ്മാണ നയ'ത്തിന് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ നയത്തിൻെറ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) കെട്ടിടങ്ങളിലെ ഊർജ്ജ ഉപഭോഗവുമായി ബന്ധപ്പെട്ട് എന്തെല്ലാം കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(സി) നയം നടപ്പിലാക്കാൻ എന്തൊക്കെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

<u>വിദ്യാഭ്യാസ അവകാശ നിയമം</u>

*256. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി

,, സി.മോയിൻ കുട്ടി

,, പി.ബി. അബ്ദുൾ റസാക്

,, കെ.എം.ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതോടനുബന്ധിച്ച് പൊതുവിദ്യാലയങ്ങളിൽ എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ; സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പൊതുവിദ്യാലയങ്ങളോട് രക്ഷകർത്താക്കൾക്കുള്ള അകൽച്ച ഇല്ലാതാക്കാൻ എന്തെങ്കിലും നടപടി ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

<u>നെല്ല് സംഭരണ വിലയും സ്വകാര്യ മില്ലുകളുടെ ചൂഷണവും</u>

*257. പ്രൊഫ. സി.രവീന്ദ്രനാഥ്

ശ്രീ.എം.ചന്ദ്രൻ

,, സി.കെ സദാശിവൻ

,, പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സപ്ലൈകോ വഴി സംഭരിക്കുന്ന നെല്ലിന്റെ വില എത്രയായാണ് നിശ്ചയിച്ചിട്ടുള്ളത്; ഇതിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്ര വീതമാണ് എന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ മൂന്നുവർഷം സംസ്ഥാനത്ത് ആകെ എത്ര നെല്ല് സംഭരിച്ചു എന്ന വിവരം ലഭ്യമാണോ; വിശദമാക്കാമോ; സംഭരിച്ച നെല്ലിന്റെ കുടിശ്ശിക തുക എന്നത്തേക്ക് കൊടുത്തു തീർക്കാൻ കഴിയുമെന്ന് അറിയിക്കുമോ;

(സി) സർക്കാർ സംഭരണ വിലയിൽ വരുത്തിയ കുറവ് കാരണം കർഷകർ സ്വകാര്യ മില്ലുകളുടെ കൊടിയ ചൂഷണത്തിന് വിധേയമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു മൂലം നിലവിൽ ശുഷ്കമായിക്കൊണ്ടിരിക്കുന്ന നെൽകൃഷി കൂടി ക്രമേണ ഇല്ലാതാകുമെന്ന കാര്യം അറിവുള്ളതാണോ;

(ഡി) സംഭരണസമയത്തു തന്നെ കർഷകർക്ക് നെല്ലിന്റെ വില ലഭിക്കുന്നതിന് സർക്കാർ പ്രഖ്യാപിച്ച പദ്ധതി എന്തായിരുന്നു; ഇത് നടപ്പിലാക്കാൻ കഴിയാത്തതിന്റെ കാരണം എന്തെന്ന് അറിയിക്കാമോ?

<u>ഏകീകൃത അക്കാഡമിക് കലണ്ടർ</u>

*258. ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി

,, വർക്കല കഹാർ

,, ഐ.സി.ബാലകൃഷ്ണൻ

,, ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകൾക്ക് ഏകീകൃത അക്കാഡമിക് കലണ്ടർ ഏർപ്പെട്ടത്താനുദ്ദേശിക്കുന്നുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് മൂലം കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇത് സംബന്ധിച്ച് സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ശിപാർശ നൽകിയിട്ടുണ്ടോ ;

(ഡി) എന്തെല്ലാം കാര്യങ്ങളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

<u>ഭൂമിയുടെ ന്യായവില</u>

*259. ശ്രീ.ലൂഡി ലൂയിസ്

,, പി.സി വിഷ്ണുനാഥ്

,, എ.റ്റി.ജോർജ്

,, ടി.എൻ. പ്രതാപൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ ന്യായവില പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ;

(ബി) നിശ്ചയിക്കപ്പെട്ട ന്യായവില അപര്യാപ്തമാണെങ്കിൽ അപ്പീൽ നൽകാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിൽ ഉള്ളത്;

(സി) അപ്പിൽ നല്കുന്നതിനുള്ള സമയപരിധി വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കുമോ?

<u>അവശ്യസാധനങ്ങളുടെ വില നിയന്ത്രണം</u>

*260. ശ്രീ.രാജു എബ്രഹാം

,, എ.കെ.ബാലൻ

ഡോ.ടി.എം.തോമസ് ഐസക്

ശ്രീമതി.കെ.കെ.ലതിക **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവശ്യസാധനങ്ങളുടെ വില വർദ്ധന കാരണം കുടുംബ ബജറ്റുകൾ തകർന്ന് ജനജീവിതം ദുസ്സഹമായി എന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) വില നിയന്ത്രിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന ആവർത്തിച്ചുള്ള പ്രഖ്യാപനം നടപ്പിലാവാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) വിലക്കയറ്റം കൊണ്ട് പൊറുതിമുട്ടിയ ജനങ്ങൾക്ക് ആശ്വാസം പകരുന്നതിന് കമ്പോളത്തിൽ ഇടപെടുന്നതിനു പകരം സർക്കാർ നിയന്ത്രണത്തിലുള്ള പൊതുവിതരണ കേന്ദ്രങ്ങളിൽ സബ്സിഡി ഉൽപ്പന്നങ്ങൾക്ക് പോലും വില വർദ്ധിപ്പിച്ചതായ നടപടി ഉചിതമാണെന്ന് കരുതുന്നുണ്ടോ ; വിശദമാക്കുമോ ?

## ടെക്നോളജി ബിസിനസ്സ് ഇൻക്യൂബേഷൻ സെന്ററുകൾ

*261. ശ്രീ.കെ.ശിവദാസൻ നായർ

,, എം.എ. വാഹീദ്

,, പി.സി വിഷ്ണുനാഥ്

,, ആർ . സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എഞ്ചിനീയറിംഗ് കോളേജുകളിലും, പോളിടെക്നിക്കുകളിലും ടെക്നോളജി ബിസിനസ്സ് ഇൻക്യുബേഷൻ സെന്ററുകൾ ആരംഭിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത്;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്; വിശദമാക്കാമോ?

## കയർ മേഖലയിലെ പ്രതിസന്ധി

*262. ശ്രീ.എളമരം കരീം

,, എം.എ.ബേബി

ഡോ.ടി.എം.തോമസ് ഐസക്

ശ്രീ.പി.കെ.ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയർ മേഖല അതിരൂക്ഷമായ പ്രതിസന്ധി നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെങ്കിലും ആശ്വാസനടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം നടത്തിയിട്ടുള്ള കയർ മേളകൾ പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിന് ഏതെങ്കിലും നിലയിൽ സഹായമായിട്ടുണ്ടോ;

(സി) പ്രസ്തുത മേളകൾക്കെല്ലാം കൂടി എന്തു തുക ചെലവഴിക്കപ്പെട്ടു എന്ന് വ്യക്തമാക്കാമോ; മേളയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് വൻ ധൂർത്ത് നടന്നതായിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കയർ മേളകളും മന്ത്രിയുടെയും ഉദ്യോഗസ്ഥരുടെയും വിദേശയാത്രകളും മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനു എപ്രകാരം ഉപകരിച്ചുവെന്നു വ്യക്തമാക്കാമോ ?

## ഇ പെയ്മെന്റ് സംവിധാനം

*263. ശ്രീ.ജോസഫ് വാഴയ്ക്കൻ

,, കെ.അച്ചുതൻ

,, ടി.എൻ. പ്രതാപൻ

,, വി.പി.സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ ഇ പെയ്മെന്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോയെന്നു വ്യക്തമാക്കാമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത സംവിധാനം വഴി നേടാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത സംവിധാനം വഴി ലഭ്യമാക്കുന്നതെന്നും ആരെല്ലാമാണ് ഈ സംവിധാനത്തിന്റെ പ്രവർത്തനവുമായി സഹകരിക്കുന്നതെന്നും വിശദാംശങ്ങൾ സഹിതം വ്യക്തമാക്കുമോ ?

## റോഡ് വികസന പദ്ധതി

*264. ശ്രീ.പുരുഷൻ കടലുണ്ടി

,, എം. ഹംസ

,, കെ.കെ.നാരായണൻ

ഡോ.കെ.ടി.ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡ് വികസന പദ്ധതിയിൻ കീഴിൽ റോഡുകളുടെ പുന:രുദ്ധാരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എത്ര കിലോമീറ്റർ റോഡാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; എതെല്ലാം ;

(സി) ഇവ സ്വകാര്യ പങ്കാളിത്തത്തോടെ നടത്താനാണോ ഉദ്ദേശിക്കുന്നത് ; എങ്കിൽ സർക്കാർ വിഹിതം എത്ര ശതമാനമാണ് ;

(ഡി) ഇത്തരത്തിൽ പുനരുദ്ധരിക്കുന്ന റോഡുകളുടെ ഉപയോഗത്തിന് ടോൾ നൽകേണ്ടി വരുമോ ;

(ഇ) ഇത്തരത്തിൽ ടോൾ ഏർപ്പെടുത്തിയവയിൽ യാതൊരു നിയന്ത്രണവും ഇല്ലാതെ കാലങ്ങളോളം ടോൾ പിരിച്ചു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ഈ സാഹചര്യത്തിൽ പൊതുജനത്തെ ബുദ്ധിമുട്ടിക്കുന്ന തരത്തിലുള്ള നയം തിരുത്താൻ തയ്യാറാകുമോ ;

(ജി) പെട്രോളിയം ഉൽപന്നങ്ങൾക്ക് അധിക നികുതി ഏർപ്പെടുത്തിക്കൊണ്ട് ജനങ്ങളിൽ നിന്ന് പിരിച്ചെടുത്ത തുക റോഡ് വികസനത്തിനായി ചെലവഴിച്ചിട്ടുണ്ടോ ?

## സർവ്വകലാശാല നടത്തിയ ശില്പശാല

*265. ശ്രീ.റ്റി.എ.അഹമ്മദ് കബീർ

,, എൻ .എ.നെല്ലിക്കുന്ന്

,, അബ്ദുറഹിമാൻ രണ്ടത്താണി

,, സി.മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എഞ്ചിനീയറിംഗ് പഠനം വ്യാവസായിക വികസനത്തിന് കൂടുതൽ ഉപയുക്തമാക്കുന്നതിനുദ്ദേശിച്ച് വ്യവസായ പ്രമുഖരുമായി സർവ്വകലാശാല നടത്തിയ ശില്പശാലയിൽ ഉരുത്തിരിഞ്ഞ കാര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ശില്പശാലയിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ സാങ്കേതിക പഠന പദ്ധതിയിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) ദേശീയ, അന്തർദേശീയ കാഴ്ചപ്പാടിനൊപ്പം സംസ്ഥാനത്തിന്റെ വിഭവ ലഭ്യത, സ്ഥല ദൗർലഭ്യം, ഉയർന്ന സാക്ഷരത ഇവയൊക്കെ പരമാവധി ഉപയോഗപ്പെടുത്തി വികസനക്കുതിപ്പുണ്ടാക്കാൻ പര്യാപ്തമായ സാങ്കേതിക പഠന സൗകര്യം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

<u>സ്വയംഭരണ കോളേജുകൾ.</u>

*266. ശ്രീ.കോടിയേരി ബാലകൃഷ്ണൻ

,, എ. പ്രദീപ്കുമാർ

പ്രൊഫ. സി.രവീന്ദ്രനാഥ്

ശ്രീ.എം. ഹംസ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചില കോളേജുകൾക്ക് സ്വയംഭരണ പദവി നൽകുന്നതിനുള്ള സർക്കാർ തീരുമാനം ഉന്നത വിദ്യാഭ്യാസ മേഖലയെ പുറകോട്ടടിപ്പിക്കുമെന്ന ആക്ഷേപങ്ങൾ സർക്കാർ പരിഗണിച്ചിട്ടുണ്ടോ ;

(ബി) ഏതെല്ലാം കോളേജുകൾക്കാണ് ഇതിനകം സ്വയംഭരണ പദവി നൽകിയിട്ടുള്ളത്; ഇവയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കൂടുതൽ കോളേജുകൾക്ക് സ്വയംഭരണ പദവി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) സ്വയംഭരണ കോളേജുകൾ അനുവദിക്കുന്നതിനെതിരെ ഉയർന്നുവന്നിട്ടുള്ള ശക്തമായ പ്രതിഷേധം പരിഗണിച്ചിട്ടുണ്ടോ; ഇതിന്റെ ഭാഗമായി ഏതെങ്കിലും കോളേജുകളുടെ കാര്യത്തിൽ പുനർവിചിന്തനം നടത്തിയിട്ടുണ്ടോ;

(ഇ) ഉന്നതവിദ്യാഭ്യാസ മേഖലയിൽ മൂല്യത്തകർച്ചയ്ക്കും നിലവിലുള്ള പരിമിതമായ ജനാധിപത്യവകാശങ്ങൾ പോലും കവർന്നെടുക്കുന്നതിനും വിദ്യാഭ്യാസ രംഗം വാണിജ്യവൽക്കരിക്കുന്നതിനും കോളേജുകളുടെ സ്വയംഭരണവൽക്കരണം വഴിവെയ്ക്കുമെന്ന കാര്യം പരിശോധിക്കുമോ; ഇതിന്റെ പശ്ചാത്തലത്തിൽ തീരുമാനം പുനഃപരിശോധിക്കാൻ തയ്യാറാകുമോ?

<u>വി.എച്ച്.എസ്.ഇ. പാഠ്യപദ്ധതി പരിഷ്കരണം</u>

*267. ശ്രീ.പി.കെ.ബഷീർ

,, കെ.എൻ.എ.ഖാദർ

,, എം.ഉമ്മർ

,, എൻ. ഷംസുദ്ദീൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വി.എച്ച്.എസ്.ഇ. പാഠ്യപദ്ധതി പരിഷ്ക്കരണവുമായി ബന്ധപ്പെട്ട വിദഗ്ദ്ധ സമിതി റിപ്പോർട്ട് സർപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത ശിപാർശകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(സി) പാഠ്യപദ്ധതിയിൽ പ്രായോഗിക പരിശീലനത്തിന് കൂടുതൽ പ്രാധാന്യം നൽകുന്ന കാര്യം പരിഗണിക്കുമോ ?

<u>മൊബൈൽ ഫോണിലൂടെ റവന്യൂ സർട്ടിഫിക്കറ്റുകൾ</u>

*268. ശ്രീ.വർക്കല കഹാർ

,, അൻവർ സാദത്ത്

,, വി.റ്റി.ബൽറാം

,, വി.ഡി.സതീശൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ സർട്ടിഫിക്കറ്റുകൾ മൊബൈൽ ഫോണിലൂടെ അപേക്ഷിക്കുവാനും ലഭിക്കുവാനുമുള്ള നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; പരിപാടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(ബി) ഏതെല്ലാം സർട്ടിഫിക്കറ്റുകളാണ് പ്രസ്തുത സംവിധാനം വഴി ലഭിക്കുന്നത്;

(സി) ആരെല്ലാമാണ് പ്രസ്തുത സംവിധാനവുമായി സാങ്കേതികമായി സഹകരിക്കുന്നത്; വിശദമാക്കുമോ?

<u>ഓരോ ഗ്രാമപഞ്ചായത്തിലും ഓരോ വില്ലേജ് പദ്ധതി</u>

*269. ശ്രീ.ബെന്നി ബെഹനാൻ

,, ഹൈബി ഈഡൻ

,, എ.പി.അബ്ദുള്ളക്കുട്ടി

,, ആർ . സെൽവരാജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ ഗ്രാമപഞ്ചായത്തിലും ഓരോ വില്ലേജ് എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഈ പദ്ധതി മുഖേന എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) ജനങ്ങളുടെ യാത്രാ ക്ലേശവും ബുദ്ധിമുട്ടും പരമാവധി കുറയ്ക്കുക എന്ന ലക്ഷ്യം നേടുന്നതിന് എന്തെല്ലാം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു ; വ്യക്തമാക്കുമോ ?

<u>സർവ്വകലാശാലകളുടെ പ്രവർത്തന കലണ്ടർ</u>

*270. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ

,, ജെയിംസ് മാത്യു

,, ആർ. രാജേഷ്

ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകൾ പ്രവേശനം മുതൽ പരീക്ഷവരെയുള്ള പ്രവർത്തനം സംബന്ധിച്ച കലണ്ടർ പ്രസിദ്ധീകരിക്കാറുണ്ടോ;

(ബി) ഇതിന് സംസ്ഥാനത്ത് ഏകീകൃത സ്വഭാവമുണ്ടോ;

(സി) പ്രവേശനവും പരീക്ഷകളും യഥാസമയം നടത്താത്തതു കാരണം കേരളത്തിലെ വിദ്യാർത്ഥികൾക്ക് സംസ്ഥാനത്തിനകത്തും പുറത്തും ഉപരിപഠനത്തിനും ജോലി ലഭ്യതയ്ക്കും തടസ്സങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സർവ്വകലാശാലകൾ നടത്തുന്ന പരീക്ഷകളുടെ ഫലപ്രഖ്യാപനവും ബിരുദസർട്ടിഫിക്കറ്റുകളുടെ വിതരണവും അനന്തമായി നീളുന്നത് വിദ്യാർത്ഥികളിലും രക്ഷിതാക്കളിലും ആശങ്ക ഉണ്ടാക്കിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇത് പരിഹരിക്കുന്നതിന് പരീക്ഷകളും, ഫലപ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും കൃത്യതയോടെ യഥാസമയം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം, null

പി.ഡി.ശാരംഗധരൻ,
സെക്രട്ടറി.

---

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].
"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.